13592
19/12/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പുലയനാർ കോട്ട വൃദ്ധമന്ദിരത്തിനു മുകളിൽ ഒരു നില കൂടി പണിയുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.708/2014/സാനീവ          തിരുവനന്തപുരം, തീയതി 28.11.2014.

================================================================

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 24.05.2014 ലെ എഫ്5- 36261/06(1) നമ്പർ കത്ത്.

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള പുലയനാർ കോട്ട വൃദ്ധമന്ദിരത്തിൽ നിലവിൽ 110 അന്തേവാസികൾ താമസിക്കുന്നുണ്ടെന്നും എന്നാൽ 75 പേരെ മാത്രം താമസിപ്പിക്കാനുള്ള സൗകര്യം മാത്രമേ ടി കെട്ടിടത്തിനുള്ളുവെന്നതിനാൽ ടി കെട്ടിടത്തിനു മുകളിലായി ആയുർവ്വേദ ചികിത്സാ സൗകര്യത്തിനുമുൾപ്പെടെ അധികമായി 7 മുറികൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള പുലയനാർ കോട്ട വൃദ്ധമന്ദിരത്തിനു മുകളിലായി ആയുർവ്വേദ ചികിത്സാ സൗകര്യത്തിനുള്ള മുറിയും പുറമേ 7 മുറികളും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി സാമൂഹ്യനീതി വകുപ്പ ഡയറക്ടറുടെ ടി.എസ്.ബി അക്കൗണ്ടിൽ അവശേഷിച്ചിരിക്കുന്ന 66,30,143/- രൂപ (അറുപത്തിയാറ് ലക്ഷത്തി മുപ്പതിനായിരത്തി ഒരുന്നൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിന് )
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ